# ഉന്നത
# വിദ്യാഭ്യാസത്തിന്റെ
# സാമ്പത്തികം

## സ്വാശ്രയസ്ഥാപനങ്ങൾ അനിവാര്യമോ?

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

1. എല്ലാ കോഴ്സുകൾക്കും വിദ്യാർത്ഥി പ്രവേശനം യോഗ്യതയുടേയും ഭരണഘടനാനുസൃതമായ സംവരണത്തിൻെറയും അടിസ്ഥാനത്തിൽ മാത്രം ആയിരിക്കണം.

2. അപ്രകാരം പ്രവേശനം കിട്ടിയ ഒരു കുട്ടിക്കും ഫീസ് കൊടുക്കാനുള്ള ശേഷി ഇല്ലാത്തതുകൊണ്ട് പഠിക്കാനൊക്കാത്ത അവസ്ഥ വരരുത്.

3. കേരളത്തിൽ ഇപ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്തു ചുമത്തുന്ന ഫീസ് തീരെ കുറവാണ്. എഞ്ചിനീയറിങ്ങിന് ഇത് ആവർത്തന ച്ചെലവിൻെറ 10% പോലും വരുന്നില്ല. സംസ്ഥാന സർക്കാർ എഞ്ചിനീയറിങ്ങ് കോളേജുകൾക്കായി മുടക്കുന്ന മൊത്തം മുതലിൻെറ 5.9% മാത്രമേ വിദ്യാർത്ഥികളുടെ ഫീസിലൂടെ തിരിച്ചു പിടിക്കുന്നുള്ളൂ. ഇത് തീർച്ചയായും വർദ്ധിപ്പിക്കാൻ കഴിയും, കഴിയണം. സർവകലാശാലാ തലത്തിലുള്ള മറ്റ് ബിരുദ ബിരുദാനന്തര കോഴ്സുകൾക്കും സ്ഥിതി വ്യത്യസ്തമല്ല.

4. വാർഷിക വരുമാനം 42000 രൂപയ്ക്കു കീഴിൽ വരുന്ന എല്ലാ വിഭാഗങ്ങൾക്കും ഫീസ് സൗജന്യം ഇപ്പോൾതന്നെ ഉണ്ട്. ഇത് തുടരണം.

5. വാർഷിക വരുമാനം 1,20,000 രൂപയ്ക്കു മേൽ ഉള്ള കുടുംബങ്ങളിലെ കുട്ടികൾ, അവരുടെ പഠനത്തിനുള്ള ആവർത്തന ച്ചെലവ് പൂർണമായും വഹിക്കത്തക്കവണ്ണമുള്ള ഫീസ് കൊടുക്കണം. എഞ്ചിനീയറിങ്ങിന് ഇത് പ്രതിവർഷം 12500 രൂപ ആകും എന്നാണ് കണക്ക്.

6. വാർഷിക വരുമാനം ഇതിനു രണ്ടിനും ഇടയ്ക്കു വരുന്ന ഇടത്തരക്കാർക്ക് വളരെ ലളിതമായ നടപടിക്രമങ്ങളോടുകൂടി ലോൺ സ്കോളർഷിപ്പ് ലഭ്യമാക്കണം.

7. പാസ്സായി ജോലി കിട്ടിക്കഴിയുമ്പോൾ ഈ വായ്പ പലിശയില്ലാതെ തിരിച്ചു പിടിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

8. ഇന്ത്യക്കു പുറത്തുപോകുന്നവർ ഈ തുക ഒന്നായി തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥ വേണം..........

# ഉന്നതവിദ്യാഭ്യാസത്തിൻെറ സാമ്പത്തികം – സ്വാശ്രയസ്ഥാപനങ്ങൾ അനിവാര്യമോ?

സമൂഹം അതിൻെറ ഭാവിക്കുവേണ്ടി നടത്തുന്ന ഏറ്റവും വലിയ മുതൽമുടക്കാണ് വിദ്യാഭ്യാസം. മറ്റെല്ലാ ജീവികളും ജീവിക്കാൻ വേണ്ട വിരുതുകൾ സഹജാവബോധത്തിലൂടെ നേടുമ്പോൾ മനുഷ്യശിശു ചില അടിസ്ഥാന ചോദനകളിലൊഴികെ പൂർണമായും പരാശ്രിതയാണ്. വളരെ നീണ്ട ഒരു ബാല്യത്തിലൂടെയും സുശിക്ഷിതമായ ഒരു കൗമാരത്തിലൂടെയും മാത്രമേ അവർക്ക് "സ്വന്തം കാലിൽ നിൽക്കാനുള്ള" ശേഷി കൈവരുന്നുള്ളൂ. വളർന്നു കഴിഞ്ഞാലും, മനുഷ്യൻ സമൂഹജീവി തന്നെയാണുതാനും. ഒറ്റയ്ക്കുള്ള നിലനിൽപ് അചിന്ത്യമെന്നു തന്നെ പറയാം. ഒന്നിച്ചു ജീവിക്കാൻ വേണ്ട അറിവുകളും നൈപുണികളും മനോഭാവങ്ങളും വിദ്യാഭ്യാസത്തിലൂടെയേ കിട്ടൂ. അതുകൊണ്ടു തന്നെയാണ് എല്ലാ സമൂഹങ്ങളും യുവതലമുറയുടെ വിദ്യാഭ്യാസത്തെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക ചുമതലയായി കാണുന്നത്.

ജീവിതത്തിൻെറ സമസ്തമേഖലകളെയും കച്ചവടവത്കരിച്ചിട്ടുള്ള മുതലാളിത്ത രാജ്യങ്ങൾ പോലും വിദ്യാഭ്യാസ രംഗത്ത് മൂല്യശോഷണം അനുവദിക്കുന്നില്ല. പഠിക്കാൻ കഴിവും താത്പര്യവുമുള്ള ഒരു വിദ്യാർഥിക്ക് അതിനുള്ള അവസരം ഉണ്ടാകണം, പണമില്ലായ്മ ഒരിക്കലും തടസ്സമാകരുത്, എന്നതാണ് അവരും ഉയർത്തിപ്പിടിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മൂല്യം. അമേരിക്കൻ സ്വാതന്ത്ര്യസമരത്തെ തുടർന്ന് ഐക്യനാടുകൾ ജന്മം കൊണ്ടപ്പോൾ അവരുടെ ഭരണഘടനയിൽ പ്രത്യേകം എഴുതിച്ചേർത്ത ഒരു ചുമതല ജനതയ്ക്ക് സൗജന്യമായോ നാമമാത്രമായ ചെലവിലോ വിദ്യാഭ്യാസം നൽകുക എന്നതായിരുന്നു. അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൻെറ ശില്പിയും പിന്നീട് പ്രസിഡൻറുമായ തോമസ് ജെഫേർസൺ തൻെറ സ്മാരകശിലയിൽ രേഖപ്പെടുത്താനാഗ്രഹിച്ചത് "വെർജീനിയ സർവകലാശാലയുടെ സ്ഥാപകൻ" എന്ന വിശേഷണമാണ്. 19–ാം നൂറ്റാണ്ടിൽ സ്ഥാപിതമായ ലാൻഡ് ഗ്രാൻറ് കോളേജുകളും അവയിലൂടെ ലഭ്യമായ ചെലവുകുറഞ്ഞ ഉന്നത വിദ്യാഭ്യാസവുമാണ് അമേരിക്കയെ കാർഷിക–വ്യാവസായിക രംഗങ്ങളിലെ വൻശക്തിയാക്കി മാറ്റിയത്.

## വിദ്യാഭ്യാസത്തിലെ സ്വകാര്യസംരംഭകത്വം

ബോസ്റ്റൺ, കാർണിഗീ–മെലൺ, യേൽ മുതലായ സ്വകാര്യ സർവകലാശാലകൾ പോലും നാനാവിധ സ്കോളർഷിപ്പുകളിലൂടെയും സൗജന്യങ്ങളിലൂടെയും അർഹരായവർക്ക് അവസരം നിഷേധിക്കപ്പെടുകയില്ല എന്നുറപ്പു വരുത്തുന്നു. വൈദ്യവിദ്യാഭ്യാസത്തിന് അമേരിക്കയിലും പ്രിയമേറെയാണെന്നു വരികിലും ഒരു കോടീശ്വരസന്തതിക്കും ഒരു മെഡിക്കൽ സീറ്റ് വിലകൊടുത്തു വാങ്ങാൻ അവിടെ പറ്റില്ല. സ്റ്റേറ്റ് യൂണിവേഴ്സിറ്റിയായാലും സ്വകാര്യ യൂണിവേഴ്സിറ്റിയായാലും വിദ്യാർഥി

പ്രവേശനവും അധ്യാപക നിയമനവും സർവാംഗീകൃതമായ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചു മാത്രം. ഈയിടെയായി അവസരസമത്വം ഉറപ്പുവരുത്തുന്നതിനു വേണ്ടി കറുത്തവർഗക്കാർക്ക് ചില നീക്കുപോക്കുകൾ ചെയ്യാൻ പല സർവകലാശാലകളും സ്വമേധയാ തയ്യാറാകുന്നുണ്ട് എന്നതും കൂടി ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു.

കോളേജോ സർവകലാശാലയോ തുടങ്ങി കോടീശ്വരനാകാം എന്നൊന്നും അവിടാരും കരുതുന്നില്ല. കാർണിഗീ-മെലൺ സർവകലാശാലകളുടെ സ്ഥാപകരായ (പണ്ട് കാർണിഗീ ഇൻസ്റ്റിറ്റ്യൂട്ട് എന്നും മെലൺ പോളിടെക്നിക്ക് എന്നും രണ്ടായി തുടങ്ങിയ സ്ഥാപനങ്ങൾ പിന്നീട് സംയോജിക്കുകയായിരുന്നു) കാർണിഗിയും മെലണും കോടീശ്വരൻമാരായിരുന്നു. ഒരാൾ ഇരുമ്പുരുക്കു വ്യവസായത്തിലെ അധ്യക്ഷ്യൻ. അപരൻ പ്രമുഖ ബാങ്കർ. ഇരുവരും വാണിജ്യവ്യവസായ രംഗങ്ങളിലൂടെ ആർജിച്ച വമ്പിച്ച സമ്പത്തിൻെറ ഒരു ഭാഗം ഈ സമ്പത്തുൽപാദനത്തിന് കാരണഭൂതയായ സമൂഹത്തിന് തിരികെ നൽകാനായി സ്ഥാപിച്ചതാണീ സർവകലാശാലകൾ.

നമ്മുടെ നാട്ടിലും ഇങ്ങനത്തെ മഹാനുഭാവൻമാർ ഉണ്ടായിട്ടുണ്ടല്ലോ. തമിഴ്നാട്ടിലെ അണ്ണാമലച്ചെട്ടിയാരെയും മുരുഗപ്പച്ചെട്ടിയാരെയും പോലുള്ള വാണിജ്യപ്രമുഖർ മാത്രമല്ല, കേരളത്തിലെ തങ്ങൾ കുഞ്ഞു മുസലിയാരും കോളേജുകൾ സ്ഥാപിക്കാനായി സ്വയാർജിത സമ്പത്ത് സ്വമനസാലെ സംഭാവന ചെയ്തവരാണല്ലോ. മദൻ മോഹൻ മാളവീയയേയും സയ്യിദ് അഹമ്മദ്ഖാനെയും മന്നത്ത് പദ്മനാഭനെയും ആർ.ശങ്കറെയും പോലുള്ളവരാകട്ടെ സമൂഹത്തിൽ നിന്നുതന്നെ പിരിച്ചെടുത്ത പണം കൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്താനാണ് മുൻകൈയെടുത്തത്. പക്ഷെ ഇവരാരും വിദ്യാർഥി പ്രവേശനത്തിനോ അധ്യാപക നിയമനത്തിനോ വമ്പിച്ച ഫീസോ കോഴയോ വാങ്ങി വിഭവസമാഹരണം നടത്തുന്ന കാര്യം ആലോചിക്കുക കൂടി ചെയ്തിരുന്നില്ല. ആ കണ്ടുപിടുത്തം ഈ അതികായൻമാർക്ക് പിമ്പേ വന്ന അധോമുഖ വാമനൻമാരുടെ സ്വന്തം സംഭാവനയാണ്.

വിദ്യാഭ്യാസത്തെ സ്റ്റേറ്റിൻെറ ഉത്തരവാദിത്തമായി കണക്കാക്കുന്ന രീതി കാലഹരണപ്പെട്ട സോഷ്യലിസ്റ്റു ദിവാസ്വപ്നമൊന്നുമല്ല. ഉന്നത വിദ്യാഭ്യാസത്തിൻെറ സാമ്പത്തികത്തെപ്പറ്റി അന്വേഷിച്ച ജസ്റ്റിസ് പുന്നയ്യാ കമ്മീഷൻ കണ്ടെത്തിയത് ഒട്ടുമിക്ക വികസിത രാജ്യങ്ങളും അംഗീകരിച്ചിട്ടുള്ള ഒരു തത്വമാണിത് എന്നാണ്. (പട്ടിക 1) ജർമനിയിൽ വിദ്യാഭ്യാസത്തിൻെറ സകല ഘട്ടങ്ങളും സൗജന്യമാണ്. പക്ഷേ ഓരോ ഘട്ടത്തിലേക്കുമുള്ള പ്രവേശനം കർശനമായ യോഗ്യതപരീക്ഷകളിലൂടെ മാത്രമാണ്. സ്കൂൾ തലത്തിൽ തന്നെ ഉന്നത വിദ്യാഭ്യാസത്തിനുള്ള ധൈഷണികപാടവവും സ്ഥിരോത്സാഹവും ഉള്ളവർക്കുമാത്രമായുള്ള പ്രത്യേക സരണികൾവഴി പിരിയുന്നു. ഫ്രാൻസിലും ഉന്നത വിദ്യാഭ്യാസത്തിൻെറ 93% ചെലവും വഹിക്കുന്നത് സർക്കാരാണ്, ജപ്പാനിൽ 68%, നോർവേയിൽ 95%, സ്പെയിനിൽ 80%, ഇംഗ്ലണ്ടിൽ 71%. എന്തിന് ലോകത്ത് ഒരിടത്തും

Table 1

**Source of Income of Higher Education Institutions (in percentage)**

| Institutions | year | General Public Funds | Fees | Other Income |
|---|---|---|---|---|
| France* | 1975 | 93.00 | 9.20 | 4.20 |
| All Institutions, Germany* | 1984 | 89.50 | 4.70 | 5.30 |
| All Higher Education, Japan | 1986 | 68.50 | 0.00 | 31.50 |
| Private 4 Year institutions | 1971 | 9.00 | 75.90 | 15.10 |
| Public Institutions | 1985 | 15.00 | 65.80 | 19.10 |
| | 1970 | 83.10 | 2.00 | 14.90 |
| All Institutions | 1987 | 63.10 | 8.80 | 28.00 |
| | 1971 | 53.06 | 31.69 | 15.20 |
| | 1985 | 41.99 | 35.78 | 22.20 |
| All Institutions, Netherlands* | 1985 | 80.00 | 12.00 | 8.00 |
| Norway* | 1975 | 95.00 | n.a. | 5.00 |
| Public Institutions | 1987 | 90.00 | | 10.00 |
| Spain | | 80.00 | 20.00 | n.a. |
| Universities | mid-1980s | | | |
| United Kingdom* | | 71.20 | 6.30 | 22.40 |
| Universities | 1970-71 | | | |
| Polytechnics | | 55.00 | 13.70 | 31.30 |
| (England only) | 1986-87 | 72.40 | 16.20 | 11.40 |
| | 1986.87 | | | |
| United States* | | 20.70 | 38.60 | 40.60 |
| Private Institutions | 1969-70 | | | |
| | 1984-85 | 18.40 | 38.70 | 42.90 |

വിദ്യാഭ്യാസ സ്ഥാപനത്തിൻെറ നടത്തിപ്പു ചെലവ് പൂർണമായും വിദ്യാർഥികളിൽ നിന്ന് ഈടാക്കുന്ന സമ്പ്രദായം നിലനിൽക്കുന്നില്ല എന്നാണ് ജസ്റ്റിസ് പുന്നയ്യ കമ്മീഷൻ റിപ്പോർട്ടിൽ തന്നെ കൊടുത്തിട്ടുള്ള കണക്കുകൾ കാണിക്കുന്നത്. എന്നിട്ടും ആ കമ്മീഷനിൽ അംഗമായിരുന്ന ഒരു മാന്യദേഹമാണ് 'സ്വാശ്രയ മാതൃക'യുടെ ഏറ്റവും ശക്തനായ വക്താവായി കേരളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള ഒരു വിദ്യാഭ്യാസ വിചക്ഷണൻ. വികസിത രാജ്യങ്ങളിലെല്ലാം വിപണി വ്യവസ്ഥയും തത്വങ്ങളും മൂല്യങ്ങളുമാണ് വിദ്യാഭ്യാസ രംഗം നിയന്ത്രിക്കുന്നത് എന്ന തെറ്റിദ്ധാരണ പരത്തുന്നതിൽ ഇതു പോലുള്ള ചില വിദ്യാഭ്യാസ വിചക്ഷണരും അവർക്കു സ്വാധീനമുള്ള മാധ്യമങ്ങളും വലിയ പങ്കു വഹിച്ചിട്ടുണ്ട്.

### കേരള അനുഭവം

കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം സർക്കാരിൻെറ ഒരു പ്രധാന ചുമതലയായി കണക്കാക്കുന്ന പാരമ്പര്യത്തിന് നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ഐക്യകേരള രൂപീകരണത്തിനുശേഷം സംസ്ഥാന ബജറ്റിൻെറ നല്ലൊരു പങ്ക് വിദ്യാഭ്യാസ കാര്യങ്ങൾക്കായി മാറ്റി വയ്ക്കാറുണ്ട്. (പട്ടിക 2). കഴിഞ്ഞ കുറെ കൊല്ലങ്ങളായി റവന്യൂ അക്കൗണ്ടിൻെറ 30 ശതമാനത്തോടടുത്ത തുക വിദ്യാഭ്യാസത്തിനായി ചെലവാക്കുന്നുണ്ട്. സ്റ്റേറ്റിൻെറ ആഭ്യന്തര ഉത്പാദനത്തിൻെറ (GDP) 6% വിദ്യാഭ്യാസത്തിനായി മാറ്റി വയ്ക്കുക

**Table 2**
**Expenditure on Education by Department of Education and other Departments(Revenue Account) as percentage of Total State Budget (A)and SDP (B) - Kerala**

| Year | A | B | Year | A | B |
|---|---|---|---|---|---|
| 1960-61 | 35.1 | 3.7 | 1981-82 | 34.8 | 6.5 |
| 1965-66 | 34.7 | 4.0 | 1982-83 | 37.2 | 6.2 |
| 1970-71 | 36.7 | 4.8 | 1983-84 | 33.7 | 6.1 |
| 1971-72 | 35.0 | 5.1 | 1984-85 | 33.2 | 6.2 |
| 1972-73 | 34.5 | 4.8 | 1985-86 | 32.1 | 7.1 |
| 1973-74 | 34.7 | 4.5 | 1986-87 | 31.5 | 7.1 |
| 1974-75 | 35.9 | 5.0 | 1987-88 | 31.1 | 6.7 |
| 1975-76 | 28.3* | 5.8 | 1988-89 | 29.1 | 6.5 |
| 1976-77 | 36.2 | 5.9 | 1989-90 | 30.2 | 6.5 |
| 1977-78 | 38.0 | 6.3 | 1990-91 | 29.9 | 7.0 |
| 1978-79 | 38.7 | 5.9 | 1991-92 | 28.6 | n.a |
| 1979-80 | 20.5* | 6.5 | 1992-93 | 28.1 | n.a |
| 1980-81 | 34.9 | 6.1 | 1993-94 | 29.5 | 7.5 |

എന്നതാണ് സാർവലൗകികമായി നിർദ്ദേശിക്കപ്പെടുന്ന മാതൃക. കേരളത്തിൽ ഇത് 7.5% ആണ്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും ഇത് കൂടുതലാണ് (പട്ടിക 3). ഈ പണം ഏതേതു മേഖലകളിൽ ഏതേത് അളവുകളിൽ ചെലവാക്കുന്നു എന്ന വിവരം പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

ഈ കണക്കുകൾ കാണിക്കുന്നത് ബജറ്റിൽ വിദ്യാഭ്യാസത്തിനു മാറ്റി വയ്ക്കുന്ന ശതമാനത്തിൽ ക്രമേണ കുറവു വന്നിട്ടുണ്ടെങ്കിലും സംസ്ഥാന സമ്പത്തിൻെറ ഗണ്യമായ ഒരു ഭാഗം ഈ ഇനത്തിൽ ചെലവാക്കുന്നു എന്നാണ്. നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് ഇതിൽ കൂടുതൽ താങ്ങാനാവുമോ എന്നു സംശയമാണ്. വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി ഇന്നത്തേക്കാൾ വളരെയൊന്നും കൂടുതൽ (കുറച്ചൊക്കെ പറ്റും) വിഭവം മാറ്റി വയ്ക്കാൻ സംസ്ഥാന സർക്കാരിന് കഴിയില്ലാ എന്ന വാദത്തിൽ കഴമ്പുണ്ട് എന്നു സമ്മതിച്ചേ തീരൂ. ചെലവാക്കുന്ന പണം ഏറ്റവും ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്നുറപ്പു വരുത്തുകയും മറ്റു രീതിയിലുള്ള വിഭവ സമാഹരണ ശ്രമങ്ങളിലേക്കു തിരിയുകയും മാത്രമേ പോംവഴിയുള്ളൂ എന്നാണ് സാമ്പത്തിക വിദഗ്ധരുടെ ഉപദേശം.

## Table 3
### Expenditure on Education by Education Departments (Revenue Accounts) as percentage of Total State Budget (A) and SDP (B) - Selected States.

| Sl No | States | 1970-71 | | 1975-76 | | 1980-81 | | 1985-86 | | 1990-91 | | 1993-94 | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | A | B | A | B | A | B | A | B | A | B | A | B (Not available) |
| 1 | Andhra Pradesh | 20.9 | 2.5 | 23.0 | 2.8 | 25.1 | 4.0 | 19.1 | 4.0 | 18.0 | 3.3 | 21.0 | |
| 2 | Assam | 20.8 | 3.3 | 24.5 | 3.4 | 28.2 | 3.7 | 22.6 | 4.2 | 22.9 | 5.1 | 24.1 | |
| 3 | Bihar | 18.7 | 2.1 | 26.6 | 2.6 | 23.8 | 3.4 | 24.4 | 4.1 | 24.5 | 5.3 | 20.1 | |
| 4 | Gujarat | 20.2 | 2.0 | 23.2 | 2.4 | 22.2 | 3.1 | 23.9 | 3.9 | 21.8 | 3.7 | 20.8 | |
| 5 | Haryana | 19.8 | 2.1 | 18.7 | 2.2 | 20.0 | 2.7 | 17.7 | 2.6 | 16.4 | 2.6 | 16.1 | |
| 6 | Karnataka | 21.3 | 2.9 | 21.5 | 3.0 | 21.7 | 3.5 | 17.7 | 3.6 | 19.7 | 3.8 | 21.4 | |
| 7 | Kerala | 36.7 | 4.7 | 28.3 | 5.8 | 34.9 | 6.1 | 28.4 | 6.3 | 27.7 | 6.3 | 26.3 | |
| 8 | Madhya Pradesh | 24.2 | 2.5 | 17.9 | 2.7 | 21.0 | 3.1 | 17.5 | 3.1 | 18.4 | 3.3 | 18.2 | |
| 9 | Maharashtra | 21.3 | 2.5 | 21.1 | 2.5 | 23.4 | 3.0 | 17.8 | 3.1 | 19.5 | 3.0 | 17.8 | |
| 10 | Orissa | 16.8 | 2.3 | 21.2 | 3.4 | 22.3 | 3.7 | 16.8 | 2.8 | 20.6 | 4.0 | 19.8 | |
| 11 | Punjab | 22.1 | 2.1 | 23.0 | 2.5 | 28.4 | 3.5 | 20.1 | 2.8 | 19.8 | 3.0 | 17.2 | |
| 12 | Rajasthan | 18.9 | 2.5 | 22.4 | 3.0 | 24.9 | 10.8 | 22.0 | 4.3 | 22.9 | 4.5 | 20.9 | |
| 13 | Tamil Nadu | 22.6 | 3.0 | 21.5 | 3.2 | 23.6 | 3.8 | 21.5 | 3.8 | 22.4 | 4.9 | 21.3 | |
| 14 | Uttar Pradesh | 18.2 | 1.8 | 24.9 | 2.8 | 21.6 | 2.7 | 20.8 | 3.1 | 21.8 | 4.3 | 18.8 | |
| 15 | West Bengal | 22.9 | 2.2 | 22.1 | 2.2 | 23.6 | 3.0 | 23.6 | 3.4 | 26.4 | 4.3 | 26.9 | |

## Table 4
### Kerala Government's Expenditure on Education 1990-91 to 1996-97 (Rs. Crores)

| No | Stage | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 | 1996-97* |
|---|---|---|---|---|---|---|---|---|
| 1 | Primary Education | 384.16 | 409.00 | 591.12 | 530.46 | 660.87 | 675.10 | 890.10 |
| 2 | Secondary Education | 229.51 | 242.00 | 273.41 | 339.10 | 406.83 | 675.64 | 547.38 |
| 3 | University & Higher Education | 95.14 | 122.00 | 156.62 | 214.82 | 212.80 | 227.02 | 278.19 |
| 4 | Adult Education | 0.87 | 0.32 | 0.43 | 1.60 | 1.03 | 0.60 | 0.10 |
| 5 | Language Development | 3.72 | 3.91 | 4.13 | 4.86 | 5.40 | 5.38 | 9.08 |
| 6 | Technical education | 38.08 | 38.00 | 32.61 | 59.25 | 62.23 | 68.53 | 85.51 |
| | **Total** | **751.48** | **815.23** | **1058.32** | **1150.09** | **1349.16** | **1652.27** | **1810.36** |

ഏതായാലും വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉയർത്തുന്നതിനും തൊഴിൽ വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും ഉള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇനിയും വളരെയധികം വിഭവങ്ങൾ കൂടിയേ തീരൂ. ഇപ്പോൾ വിദ്യാഭ്യാസത്തിനു വേണ്ടി ചെലവാക്കുന്നത് ഒട്ടുമിക്ക പങ്കും അധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളത്തിനു മാത്രമേ തികയുന്നുള്ളൂ എന്നത് എല്ലാവർക്കുമറിയാം.

ഇപ്രകാരം അധിക വിഭവ സമാഹരണത്തിനുള്ള കുറുക്കു വഴിയായാണ് സ്വാശ്രയ കോഴ്സുകളും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവതരിപ്പി ക്കപ്പെട്ടത്.

### ആരംഭ ചെലവും ആവർത്തന ചെലവും

ഒരു പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം പടുത്തുയർത്തുന്നതിന് കോടിക്കണക്കിനു രൂപ വേണം. കൊല്ലത്തും കോതമംഗലത്തും പാലക്കാട്ടും സ്വകാര്യ എഞ്ചിനീയറിങ്ങ് കോളേജുകൾ തുടങ്ങിയപ്പോൾ ആരംഭച്ചെല വിൻെറ 75 ശതമാനവും കേന്ദ്രസർക്കാരാണ് വഹിച്ചത്. 25% ചെലവ് സംരംഭകർ സ്വന്തമായി ഉണ്ടാക്കി. അന്ന് (1958–ൽ) ഒരു പൈസപോലും വിദ്യാർത്ഥികളിൽനിന്നോ അധ്യാപകരിൽ നിന്നോ സംഭാവന വാങ്ങിയില്ല. സമൂഹത്തിലെ ധനാഢ്യരിൽ നിന്നാണ് വിഭവസമാഹരണം നടത്തിയത്. അതിനും മുമ്പ് പഴയ തിരുവിതാംകൂറിലും കൊച്ചിയിലും അനേകം സ്കൂളുകളും കോളേജുകളും സ്വകാര്യ മേഖലയിൽ തുടങ്ങുകയുണ്ടായി. അവയ്ക്കുവേണ്ട വിഭവങ്ങളും സമൂഹത്തിൽ നിന്നു തന്നെയാണ് ഉണ്ടാക്കിയത്. ധനാഢ്യരിൽ നിന്നു മാത്രമല്ല, ഇടത്തരക്കാരിൽ നിന്നും പാവപ്പെട്ടവരിൽ നിന്നും ഉത്പന്ന പിരിവായി (പിടിയരിയും തേങ്ങയും മറ്റും) ട്ടാണ് അതിനുള്ള വകയുണ്ടാക്കിയത്.

പക്ഷേ ഈ ദശകത്തിൽ സ്വാശ്രയ കോളേജുകൾ തുടങ്ങിയപ്പോൾ അവർക്കു മാതൃകയായത് ത്യാഗത്തിൻെറയും സാമൂഹിക പ്രതിബന്ധതയുടെയുമായ ഈ പാരമ്പര്യമല്ല, പകരം, ചിട്ടിക്കമ്പനികളുടെ പാരമ്പര്യമാണ്; ചിറ്റാളന്മാരിൽനിന്നു പരിക്കുന്ന ആദ്യഗഡു ആർക്കും കൊടുക്കാതെ തലയാൾ മുതൽക്കൂട്ടുന്ന രീതിയാണല്ലോ അവരുടേത്. പ്രൊഫഷണൽ കോളേജു തുടങ്ങാൻ ആലോചിക്കുന്ന ഏജൻസി പത്രത്തിൽ പരസ്യം ചെയ്ത് ആവശ്യക്കാരിൽ നിന്ന് ഡെപ്പോസിറ്റ് പിരിക്കുന്നു. ഈ പണം കൊണ്ടാണ് സ്ഥലം വാങ്ങി കെട്ടിടം കെട്ടുക. എന്തെന്നാൽ ചിട്ടിത്തലയാളെപ്പോലെ കോളേജു നടത്താൻ പോകുന്നവർക്കും സ്വന്തമായ മൂലധനം ഒന്നുമുണ്ടാവില്ല. ഓരോ വർഷവും 240 പേർക്ക് പ്രവേശനം നൽകുന്ന ഒരു നാലു വർഷ കോഴ്സിന് നാലു വർഷംകൊണ്ട് 4 x 240 = 960 ലക്ഷം രൂപ ഡെപ്പോസിറ്റ് ആയി പിരിഞ്ഞു കിട്ടും. അഞ്ചാം വർഷം ഒന്നാം ബാച്ച് പാസ്സായി പോകുമ്പോൾ അഞ്ചാം ബാച്ചിൽ പ്രവേശനം തേടുന്നവരുടെ ഡെപ്പോസിറ്റ് എടുത്ത് ആദ്യത്തെ ബാച്ചുകാർക്ക് മടക്കി കൊടുക്കും. തുടർന്നുള്ള വർഷങ്ങളിലും തഥൈവ. ചുരുക്കത്തിൽ 960 ലക്ഷം രൂപ

സ്ഥിരമായി മാനേജ്മെൻറിൻെറ കൈയിൽ കിടക്കും. അതെടുത്ത് സ്ഥലം വാങ്ങി കെട്ടിടം കെട്ടി എക്വിപ്മെൻറ് ഒരുക്കി കോഴ്സ് നടത്താം.

ഓരോ വർഷവും ഉള്ള ആവർത്തന ചെലവ്, അതായത് അധ്യാപകരുടെ ശമ്പളം മുതലായവ, നിറവേറ്റത്തക്ക വിധത്തിൽ ഫീസ് നിജപ്പെടുത്തുക കൂടി ചെയ്താൽ കൈയിൽനിന്നു കാൽ പൈസ ചെലവിടാതെ ഒരു പ്രൊഫഷണൽ കോളേജ് നടത്താം. വിദ്യാർഥി പ്രവേശനം, അധ്യാപക നിയമനം മുതലായവയ്ക്കു കോഴ വാങ്ങാതെ സത്യസന്ധമായി ബിസിനസ്സു നടത്തുന്നവരുടെ കാര്യമാണ് ഇതും. പക്ഷേ വിദ്യാഭ്യാസം ബിസിനസ്സ് ആക്കുന്നു എന്നുള്ളത് അനിഷേധ്യം തന്നെ. എന്താണിതിനു കുറ്റം. എന്ന് പലരും ചോദിക്കാറുണ്ട്. ലക്ഷക്കണക്കിനു രൂപ ഡെപ്പോസിറ്റോ, പതിനായിരക്കണക്കിനു രൂപ ഫീസോ കൊടുക്കാൻ കഴിവില്ലാത്ത മിടുക്കർക്ക് പ്രവേശനം നിഷേധിക്കപ്പെടുന്നു എന്നുള്ളതു തന്നെ കുറ്റം. കൈയിൽ കാശില്ലാത്തവനു പ്രവേശനമില്ല എന്ന തത്വം കച്ചവടത്തിൻേറതാണ്.

### വിദ്യാഭ്യാസത്തിലെ മണിപ്പാൽ മാതൃക

ഇതൊന്നും പുതിയ കാര്യമൊന്നുമല്ല. പത്തു നാൽപതു വർഷം മുൻപുതന്നെ വൻതുക ക്യാപ്പിറ്റേഷൻ ഫീ വാങ്ങി എഞ്ചിനീയറിങ്ങിനും മെഡിസിനും അഡ്മിഷൻ കൊടുക്കുന്ന കോളേജുകൾ മണിപ്പാലിൽ ഉണ്ടായിരുന്നു. ഇവിടെങ്ങും പ്രവേശനം കിട്ടാൻ യോഗ്യതയില്ലാത്ത ധനാഢ്യ പുത്രർ അവിടെ പോയി പഠിച്ച് ഇവിടെത്തന്നെ ജോലി തേടി വരുന്നതും സാധാരണമായിരുന്നു. ഇതൊന്നും ആർക്കും അറിഞ്ഞുകൂടാഞ്ഞല്ല, അവയിൽനിന്ന് വ്യത്യസ്തമായ ഒരു വിദ്യാഭ്യാസ ദർശനവും നയവും കേരളത്തിൽ പിന്തുടരാൻ തീരുമാനിച്ചത്.

കഴിഞ്ഞ ദശകത്തിൽ തമിഴ്നാട്ടിലും കർണാടകയിലും ആന്ധ്രയിലും മഹാരാഷ്ട്രയിലും, മണിപ്പാൽ മോഡലിലുള്ള നൂറുകണക്കിനു പ്രൊഫഷണൽ കോളേജുകൾ തുടങ്ങുകയുണ്ടായി. അവയിലെ ക്രമക്കേടുകൾകൊണ്ടു പൊറുതിമുട്ടിയ സംസ്ഥാന സർക്കാരുകൾ അവയെ നിയന്ത്രിക്കാൻ ശ്രമിച്ചപ്പോൾ അവർ അതിനെതിരായി കോടതിയിൽ പോയി. ഈ കേസുകളെല്ലാം കൂടിയാണ് അവസാനം സുപ്രീം കോടതിയുടെ ഭരണ ഘടനാ ബെഞ്ചിൻെറ ഉണ്ണികൃഷ്ണൻ കേസ് വിധിയായി, 1992-ൽ തീരുമാനമായത്. ഈ വിധിയിലൂടെയാണ് സ്വാശ്രയ കോളേജുകൾക്കായി നിയതമായ ഒരു രൂപഘടനയും പെരുമാറ്റച്ചട്ടവും നടപ്പിൽ വന്നത്.

ഇതും, ഇതേതുടർന്ന് വന്ന വിധികളും അനുസരിച്ച് :

1. സർക്കാരിൻെറ യാതൊരു സഹായവും പറ്റാത്ത സ്വകാര്യ ട്രസ്റ്റുകൾക്കോ ചാരിറ്റബിൾ സൊസൈറ്റികൾക്കോ മാത്രമേ സ്വാശ്രയ കോളേജുകൾ തുടങ്ങാനാവൂ.

2. അത്തരം കോളേജുകളിൽ 50% സീറ്റുകൾ തത്തുല്യമായ സർക്കാർ കോളേജുകൾ ചുമത്തുന്ന 'സാദാ' ഫീസുമാത്രം ഈടാക്കുന്ന 'ഫ്രീ' സീറ്റുകളായിരിക്കണം.

3. ബാക്കി പാതി സീറ്റുകൾ ഉയർന്ന ഫീസു ചുമത്തുന്ന "പേയ്മെൻറ്" സീറ്റുകളാകാം.

4. ഈ പേയ്മെൻറു സീറ്റുകളിൽ ഒരു ഭാഗം (10%) ഡോളറിൽ ഫീസു കൊടുക്കാൻ കഴിയുന്ന NRI കൾക്കായി മാറ്റിവയ്ക്കാം.

5. പേയ്മെൻറു സീറ്റിൽ പ്രവേശനം തേടുന്നവർ, തങ്ങളുടെ പഠന ചെലവിനു പുറമേ, ഫ്രീ സീറ്റിൽ പഠിക്കുന്നവരുടെ ചെലവുകൂടി താങ്ങത്തക്ക ഉയർന്ന ഫീസ് നൽകാൻ തയ്യാറാകണം.

6. ഈ ഫീസ് എത്രയായിരിക്കണമെന്ന് AICTE മുതലായ അഖിലേന്ത്യാ സ്റ്റാറ്റ്യൂട്ടറി സമിതികൾ തീരുമാനിക്കണം. വേണ്ടിവന്നാൽ ആവർത്തന ചെലവിനു പുറമേ മൂലധന ചെലവിൻെറ ഒരു പങ്കും ഫീസിനത്തിൽ ഈടാക്കാം.

7. ഇപ്രകാരം നിർണയിക്കുന്ന ഫീസല്ലാതെ മറ്റു യാതൊരു ചാർജും കോളേജ് മാനേജ്മെൻറ് ഈടാക്കാൻ പാടില്ല.

8. ഒരു സംസ്ഥാനത്തെ എല്ലാ കോളേജുകളിലേയ്ക്കും ഉള്ള പ്രവേശനം തുറന്ന മത്സര പരീക്ഷകളിലൂടെ സർക്കാർ നിയോഗിക്കുന്ന ഒരു അധികാരി ആണ് നടത്തേണ്ടത്. വിദ്യാർഥി പ്രവേശനത്തിൽ യാതൊരു വിവേചനാധികാരവും മാനേജ്മെൻറിനു നൽകിക്കൂടാ.

9. ന്യൂനപക്ഷ സ്ഥാപനങ്ങളിൽ ഫ്രീ സീറ്റിൻെറ പാതിയും പേയ്മെൻറ് സീറ്റിൻെറ പാതിയും സ്വസമുദായക്കാർക്കായി മാനേജ്മെൻറിന് സ്വയം പ്രവേശനം നടത്താം. പക്ഷേ അവയിലേയ്ക്കുള്ള പ്രവേശനവും യോഗ്യതയുടെ മാനദണ്ഡത്തിലായിരിക്കണം. ബാക്കി പാതി സീറ്റുകളിൽ പൊതു പ്രവേശനമായിരിക്കും. (കേരളത്തിൽ MES ന് അനുവദിച്ച സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൻെറ നില ഇതാണ്).

10. കൊല്ലം, കോതമംഗലം എഞ്ചിനീയറിംഗ് കോളേജുകളുടെ ന്യൂനപക്ഷ അവകാശവാദം സുപ്രീം കോടതി തള്ളിക്കളഞ്ഞു. അവിടെയുള്ള മാനേജ്മെൻറ് ക്വാട്ട ആയ 15% സീറ്റുകളിൽപോലും കോഴയോ സംഭാവനയോ ഒന്നും കൂടാതെ യോഗ്യതയുടെ മാനദണ്ഡത്തിൽ പ്രവേശനം നൽകേണ്ടതാണ്.

11. കേരളത്തിൽ IHRD യും LBS സെൻററും തുടങ്ങിയ സ്വാശ്രയ കോളേജുകൾ സർക്കാരിൻെറതന്നെ സ്ഥാപനങ്ങളാണ് എന്ന് സർക്കാർ നേരിട്ടു നൽകിയ സത്യവാങ്മൂലത്തിൻെറ അടിസ്ഥാനത്തിൽ അവയെ ഈ സ്കീമിൻെറ പരിധിയിൽ നിന്ന് പിന്നീട് കോടതിതന്നെ ഒഴിവാക്കി.

ഉണ്ണികൃഷ്ണൻ കേസിൻെറ വിധിന്യായത്തിൽ ഈ വിധിയുടെ പൊതു സമീപനത്തെപ്പറ്റി കോടതി സാമാന്യം ദീർഘമായി ഉപന്യസി

ക്കുന്നുണ്ട്. വിദ്യാഭ്യാസം ഒരു വ്യവസായമല്ല എന്നും ബിസിനസ്സു ചെയ്തു ജീവിക്കാനുള്ള മൗലികാവകാശത്തിൻെറ പേരിൽ ആർക്കും വിദ്യാഭ്യാസ സ്ഥാപനം തുടങ്ങാനുള്ള അവകാശം ഉന്നയിക്കാൻ പറ്റില്ല എന്നും കോടതി വ്യക്തമാക്കി.

അടിസ്ഥാന വിദ്യാഭ്യാസം എല്ലാവരുടെയും മൗലികാവകാശമാണെങ്കിലും ഉന്നത വിദ്യാഭ്യാസം അതിനു തക്ക യോഗ്യത ഉള്ളവർക്കു മാത്രമായും, സർക്കാരിൻെറ കഴിവിനനുസരിച്ചും പരിമിതപ്പെടുത്താവുന്നതാണ്.

വിദ്യാഭ്യാസം സർക്കാരിൻെറ ഉത്തരവാദിത്തമാണ്. സ്വകാര്യ ഏജൻസികളുടെ പ്രവർത്തനം സർക്കാരിൻെറ പ്രവർത്തനത്തിൻെറ അനുബന്ധം മാത്രമാണ്.

സർക്കാരിൻെറ വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്ന എല്ലാ സംരംഭങ്ങളിലും ഭരണഘടനയുടെ 14 ഉം 15 ഉം അനുഛേദങ്ങൾ അനുസരിച്ചുള്ള സാമൂഹിക നീതിയും തുല്യതയും പാലിക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. അതിനർഥം വിദ്യാർഥി പ്രവേശനത്തിൽ യോഗ്യത മാത്രമേ മാനദണ്ഡമാക്കാൻ പാടുള്ളൂ എന്നതുതന്നെയാണ് (ഭരണഘടനാപരമായ സംവരണവും പാലിക്കാം). വളരെ ഉയർന്ന ഫീസു ചുമത്തി, ധനശേഷിയില്ലാത്തതിൻെറ പേരിൽ, നിർധനരായ വിദ്യാർഥികളെ ഒഴിവാക്കുന്നത് നീതിയുടെയും തുല്യാവകാശങ്ങളുടെയും ലംഘനമാണ്. പൊതു പണം കടന്നു ചെല്ലുന്ന ഒരിടത്തും ഇത് അനുവദനീയമല്ല.

സ്വാശ്രയ കോളേജുകളിൽ പൊതു പണം ഉപയോഗിക്കുന്നില്ലെങ്കിലും സർവകലാശാലകളുടെ അംഗീകാരം അവ തേടുന്നതുകൊണ്ട് ഈ മൗലിക ധർമ്മം അവയ്ക്കും ബാധകമാണ്. എങ്കിലും അവയ്ക്ക് സ്വയം വിഭവ സമാഹരണം നടത്തേണ്ടതുണ്ടെന്ന്, സർക്കാരിന് വിഭവ പരിമിതി ഉണ്ടെന്നും ഉള്ള പ്രായോഗിക യാഥാർഥ്യങ്ങൾ കണക്കിലെടുത്തു കൊണ്ടാണ് ധനവാൻമാരെക്കൊണ്ട് ഇരട്ടി ഭാരം ചുമപ്പിക്കുന്ന, അവരുടെ ഫീസുകൊണ്ട് നിർധനരായ മിടുക്കർക്ക് കൂടി പഠിക്കാൻ അവസരം സൃഷ്ടിക്കാനുതകുന്ന, പാതി ഫ്രീ സീറ്റും പാതി പേയ്മെൻറ് സീറ്റും ചേർന്ന, 'സ്കീം' സുപ്രീം കോടതി നിർദേശിച്ചത്.

**മാന്യമായ കച്ചവടം**

വിദ്യാഭ്യാസത്തിലെ കച്ചവടവത്ക്കരണത്തിനെതിരെ ധീരമായ നിലപാടെടുത്ത സുപ്രീം കോടതി, അവസാനം, മാന്യത പുലർത്തുന്ന ഒരു കച്ചവടരീതി നിർദേശിച്ചു കൊണ്ടാണ് ഉണ്ണികൃഷ്ണൻ കേസ് അവസാനിപ്പിക്കുന്നത്.

വളരെ ഉയർന്ന 'വില' കൊടുക്കാൻ കെൽപ്പുള്ളവർക്ക്, തങ്ങളേക്കാൾ യോഗ്യതയുള്ളവരുടെ മുമ്പേ കടക്കാൻ അവസരം നൽകുന്ന ഏതു രീതിയും വിദ്യാഭ്യാസത്തിൻെറ കച്ചവടവത്കരണം തന്നെയാണ്. പിന്നെ, 'കച്ചവടത്തിൽ കള്ളം കാണിക്കാതിരിക്കാനുള്ള മുൻകരുതലുകൾ' എന്നേ സുപ്രീം കോടതിയുടെ സ്കീമിൻെറ നിബന്ധനകളെ കാണാൻ കഴിയൂ.

സർക്കാർ സ്ഥാപനങ്ങൾ എന്ന നിലയിൽ കേരളത്തിലെ IHRD, LBS സ്വാശ്രയ സ്ഥാപനങ്ങളെ സ്കീമിൽ നിന്ന് ഒഴിവാക്കുകയും, അതേ സമയം ഡെപ്പോസിറ്റും ഉയർന്ന ഫീസും വാങ്ങാൻ അവയെ അനുവദിക്കുകയും ചെയ്തത് ഏറെ നിർഭാഗ്യകരമായിപ്പോയി. സ്വകാര്യ സ്ഥാപനങ്ങൾക്കു പോലും സാമൂഹിക ബാദ്ധ്യതയുടെ പേരിൽ നിർബന്ധിതമാക്കിയ ഫ്രീ സീറ്റുകൾ ഈ 'സർക്കാർ' സ്ഥാപനങ്ങളിൽ വേണ്ടാ എന്നായി അതിൻെറ വ്യാഖ്യാനം.

IHRD യുടെയും LBS സെൻററിൻെറയും മാതൃക പിന്തുടർന്ന് M G യൂണിവേഴ്സിറ്റി ആരംഭിച്ച ഒട്ടനവധി സ്വാശ്രയ കോഴ്സുകൾക്കും ഈ വിധിയുടെ പരിരക്ഷ കിട്ടി. ഒടുവിൽ, ഒട്ടൊന്നറച്ചു നിന്നിരുന്ന കൊച്ചി സർവകലാശാലയും രണ്ടും കൽപ്പിച്ച് രംഗത്തിറങ്ങി. അതിനു പറഞ്ഞ കാരണമായിരുന്നു അതിനേക്കാൾ വിചിത്രം. തങ്ങൾക്ക് നാലു കോടി രൂപയുടെ ബജറ്റു കമ്മി ഉള്ളതുകൊണ്ട് ഓരോ ലക്ഷം രൂപ ഡെപ്പോസിറ്റു വാങ്ങുന്ന 400 സീറ്റുകൾ ഉള്ള സ്വാശ്രയ കോഴ്സുകൾ തുടങ്ങുന്നു എന്നായിരുന്നു അവരുടെ പ്രഖ്യാപനം! പിന്നീടത് 200 ആക്കി കുറച്ചു. പക്ഷേ അവിടേയും ഫ്രീ സീറ്റുകളില്ല. കാശില്ലാത്തവർ പുറത്ത്. സ്വകാര്യ സ്ഥാപനങ്ങൾ ചെയ്താൽ സാമൂഹിക നീതിയുടെ ലംഘനമാകുന്ന കാര്യം സർക്കാരോ സർവകലാശാലകളോ ചെയ്താൽ നിയമാനുസൃതം ആകുന്നതെങ്ങിനെയോ, എന്തോ!

ഏതായാലും പിന്നീടങ്ങോട്ട് കേരളത്തിൽ സ്വാശ്രയ സ്ഥാപനങ്ങളുടെ തിരനോട്ടം ഒന്നിനു പുറകേ ഒന്നായി അരങ്ങേറി. ലാഭകരമായി ബസ്സോടിക്കാൻ അറിയാത്ത കെ.എസ്.ആർ.ടി.സി. സ്വാശ്രയ എഞ്ചിനീയറിങ്ങ് കോളേജു തുടങ്ങുന്നതാണ് അതിനേക്കാൾ ലളിതം എന്നു തീർച്ചയാക്കി. അവിടത്തെ സീറ്റുകളിൽ ചിലത് കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ മക്കൾക്ക് സംവരണം ചെയ്യും എന്ന് ആദ്യം പ്രഖ്യാപിച്ചെങ്കിലും, പിന്നീട് യോഗ്യത പ്രകാരം പേയ്മെൻറ് സീറ്റിൽ പ്രവേശനം നേടിയാൽ അവരുടെ ഉയർന്ന ഫീസ് കെ.എസ്.ആർ.ടി.സി. വഹിക്കും എന്നാക്കി മാറ്റി. പക്ഷേ CUSAT ൻെറ സ്വാശ്രയ കോഴ്സിൽ യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥരുടെ മക്കൾക്കുള്ള സംവരണം തുടരുന്നു. ഇതും സുപ്രീം കോടതി സുവ്യക്തമായി നിരോധിച്ചിരുന്ന കാര്യമാണ്. പക്ഷേ, ആർക്ക് പരാതി?

IHRD യുടെ രണ്ടാമത്തെ സ്വാശ്രയ എഞ്ചിനീയറിങ്ങ് കോളേജ് അടൂരിലും എം.ജി. യൂണിവേഴ്സിറ്റിയുടേത് തൊടുപുഴയിലും തുടങ്ങി. ഇതുകൂടാതെ ഒട്ടനവധി അപ്ലൈഡ് സയൻസ് കോളേജുകളും, B.Ed. കോളേജുകളും, കംപ്യൂട്ടർ ഇലക്ട്രോണിക്സ് കോഴ്സുകളും എം.ജി. യൂണിവേഴ്സിറ്റിയുടെ ഒരുപിടി പി.ജി. കോഴ്സുകളും സ്വാശ്രയത്തിൻെറ ലേബലും പേറി പ്രവർത്തിക്കുന്നുണ്ട്.

ഇവയുടെ ബഹളത്തിനിടയ്ക്ക് ശ്രദ്ധിക്കപ്പെടാതെ പോയ മറ്റൊരു കാര്യം യു.ജി.സിയുടെ നിർദ്ദേശമനുസരിച്ചു തയ്യാറാക്കിയ തൊഴിലുന്മുഖ B.Sc. കോഴ്സുകളിൽ പലതും ഉയർന്ന ഫീസ് വാങ്ങിത്തുടങ്ങിയതാണ്.

കംപ്യൂട്ടർ, ബയോടെക്നോളജി മുതലായ മാജിക് ലേബലുകളുടെ തിളക്കത്തിൽ 20,000 രൂപയും അതിലപ്പുറവും സ്പെഷ്യൽ ഫീസായി വാങ്ങുന്ന എയ്ഡഡ് കോളേജുകളും ഉണ്ട്! ഇവയിൽ പലതിനും കോഴ്സ് തുടങ്ങാൻ ബോർഡ് ഓഫ് സ്റ്റഡീസിൻെറ അംഗീകാരം പോലും കിട്ടിയിരുന്നില്ല. "ഒരു നിശ്ചയവുമില്ലയൊന്നിനും" എന്ന നിലയിലായി കാര്യങ്ങൾ.

### ഫ്രീസീറ്റ് നിർബന്ധം

പുതിയ ഗവൺമെൻറ് അധികാരത്തിൽ വന്ന ഉടനേ ചെയ്ത ഒരു കാര്യം, എല്ലാ സ്വാശ്രയ എൻജിനീയറിങ്ങ് കോളേജുകളിലും ഡെപ്പോസിറ്റ് നിർത്തുകയും, ഫീസ് ക്രമം ഏകീകരിക്കുകയും, 50% ഫ്രീ സീറ്റ് നിർബന്ധിതം ആക്കുകയും, ചെയ്തതായിരുന്നു. അത്രയും നല്ലത്, എന്നു പറയാം എന്നല്ലാതെ, കച്ചവടവത്കരണം അവസാനിപ്പിക്കാൻ അതുകൊണ്ടായില്ല. മാത്രവുമല്ല, കൊച്ചി സർവകലാശാലയിലെ എഞ്ചിനീയറിങ്ങ് കോഴ്സുകളും, എം.ജി. സർവകലാശാലയിലെ എഞ്ചിനീയറിങ്ങ് ഒഴികെയുള്ള കോഴ്സുകളും ഫ്രീസിറ്റ് നിബന്ധനയ്ക്ക് പുറത്താണ്, ഇപ്പോഴും സർക്കാർ ഗ്രാൻേറാടുകൂടി തുടങ്ങി, ഉയർന്ന ഫീസു വാങ്ങി വളർന്ന്, ഇപ്പോൾ സ്വാശ്രയമാണെന്നു ഭാവിക്കുന്ന തൃക്കാക്കരയിലെ മോഡൽ എഞ്ചിനീയറിങ്ങ് കോളേജാണ് മറ്റൊരു വിശ്വാമിത്ര സൃഷ്ടി.

നഴ്സിങ്ങ്, ലാബ്രട്ടറി ടെക്നീഷ്യൻ തുടങ്ങി പാവപ്പെട്ടവരുടെ ആശ്രയങ്ങളായിരുന്ന കോഴ്സുകൾകൂടി, ഇരുപതിനായിരവും അമ്പതിനായിരവും പിരിവു തുടങ്ങിയപ്പോൾ അവയും സമൂഹത്തിലെ വരേണ്യവർഗത്തിൻെറ താവളങ്ങളായി മാറി. (അവരിൽ നിന്ന് നല്ല നഴ്സുമാർ ഉണ്ടാകാൻ പ്രയാസമാണ് എന്നത് ചിത്രത്തിൻെറ മറ്റൊരു വശം.)

### സ്വാശ്രയത്വം എത്രത്തോളം?

സ്വാശ്രയ ലേബൽ വഹിക്കുന്ന ഈ കോഴ്സുകളിൽ പലതും യഥാർത്ഥത്തിൽ സ്വാശ്രയം അല്ലാ എന്നതാണ് യഥാർത്ഥ്യം. ദിവസക്കൂലിക്കും, മണിക്കൂർ കൂലിക്കും താത്കാലികക്കാരെ പഠിപ്പിക്കാൻ വയ്ക്കും, അഖിലേന്ത്യാ സമിതികൾ നിർബന്ധിക്കുന്ന മിനിമം സൗകര്യങ്ങൾ പോലും ഒരുക്കാതെയും, ആവശ്യത്തിന് കെട്ടിടങ്ങളും എക്വിപ്മെൻറും ഒന്നും ഇല്ലാതെയുമാണ് ഇവയിൽ മിക്കവയും കഴിഞ്ഞു പോകുന്നത്. തുടങ്ങിയിട്ട് മൂന്ന് വർഷമായിട്ടും ഇപ്പോഴും സ്വന്തമായി സ്ഥലമോ ഒരു ഷെഡ്ഡോ പോലും ഇല്ലാത്ത എഞ്ചിനീയറിങ്ങ് കോളേജുകളെപ്പറ്റി എന്തു പറയാൻ? പെൻഷൻ പറ്റിയ ഏതാനും പേരും, പിന്നെ ഇന്നലെ പാസ്സായ തുടക്കക്കാരുടെ താത്കാലിക നിരയും, അതുതന്നെ ആവശ്യത്തിന് തികയാതെയും – ഇതാണ് പലയിടത്തും അദ്ധ്യാപക നിലവാരം. നിബന്ധനകൾ അനുസരിച്ചുള്ള ഫുൾടൈം സ്റ്റാഫിനെ നിയമിക്കുകയും, അവർക്ക് UGC/AICTE ശമ്പള സ്കെയിലുകൾ നൽകയും ചെയ്താൽ ഈ സ്ഥാപനങ്ങൾ പൊളിയും.

ഒടുവിൽ, ഈ സ്ഥാപനങ്ങളെല്ലാം തന്നെ സർക്കാർ ഏറ്റെടുക്കണം എന്ന മുറവിളി ഉയരും എന്ന ഭയം ഒട്ടും അസ്ഥാനത്തല്ല.

ഉണ്ണികൃഷ്ണൻ വിധിയുടെ "സ്പിരിറ്റ് " ഉൾക്കൊള്ളുന്നവർക്ക് സർക്കാർ ഏജൻസികൾ സ്വാശ്രയ കോളേജു നടത്തുന്നത് സഹിക്കാൻ പറ്റില്ല. ഇനി, സർക്കാരിൻെറ പണം പറ്റാത്ത സഹകരണ സ്ഥാപനങ്ങളായാലും, സ്വാശ്രയ സ്ഥാപനങ്ങൾ വിദ്യാഭ്യാസം കൊണ്ടുള്ള കച്ചവടം ആണെന്ന കാര്യം നിഷേധിക്കാനാവില്ല. ഏറ്റവും ഒടുവിൽ കേൾക്കുന്നത് ചില സിറ്റി കോർപറേഷനുകൾ ജനകീയാസൂത്രണത്തിൻെറ ഭാഗമായി എഞ്ചിനീയറിങ്ങ് കോളേജുകൾ തുടങ്ങാൻ പോകുന്നു, എന്നാണ്!

ആകപ്പാടെ നോക്കുമ്പോൾ ഒരു നാഥനില്ലാക്കളരിയുടെ അവസ്ഥയിലായിരിക്കുന്നു കേരളത്തിലെ വിദ്യാഭ്യാസരംഗം. കുളം ആകെ കലങ്ങിയിരിക്കയാണ്. മീൻ പിടിക്കാനുള്ളവരൊക്കെ അരയും തലയും മുറുക്കി കരയിൽ കാത്തു നിൽക്കുന്നുണ്ട്.

### വിഭവങ്ങളുണ്ട്, സമാഹരിച്ചാൽ മതി

മേൽ പറഞ്ഞതിൽ നിന്നൊക്കെ മനസ്സിലാകുന്ന ഒരു കാര്യം ഇവിടെ വിഭവ ദാരിദ്ര്യം ഇല്ലാ എന്നതാണ്. അത് എങ്ങനെ സമൂഹത്തിനു മൊത്തം പ്രയോജനപ്രദമാകുന്ന വിധത്തിൽ നീതിയുക്തമായി, സമാഹരിക്കാം എന്നതാണ് വെല്ലുവിളി.

താഴെ വിവരിക്കുന്ന ഒരു സമീപനം പൊതുജന ചർച്ചയ്ക്കായി സമർപ്പിക്കട്ടെ.

1. എല്ലാ കോഴ്സുകൾക്കും വിദ്യാർത്ഥി പ്രവേശനം യോഗ്യതയുടേയും ഭരണഘടനാനുസൃതമായ സംവരണത്തിൻെറയും അടിസ്ഥാനത്തിൽ മാത്രം ആയിരിക്കണം.
2. അപ്രകാരം പ്രവേശനം കിട്ടിയ ഒരു കുട്ടിക്കും ഫീസ് കൊടുക്കാനുള്ള ശേഷി ഇല്ലാത്തതുകൊണ്ട് പഠിക്കാനൊക്കാത്ത അവസ്ഥ വരരുത്.
3. കേരളത്തിൽ ഇപ്പോൾ ഉന്നത വിദ്യാഭ്യാസ രംഗത്തു ചുമത്തുന്ന ഫീസ് തീരെ കുറവാണ്. എഞ്ചിനീയറിങ്ങിന് ഇത് ആവർത്തനച്ചെലവിൻെറ 10% പോലും വരുന്നില്ല. സംസ്ഥാന സർക്കാർ എഞ്ചിനീയറിങ്ങ് കോളേജുകൾക്കായി മുടക്കുന്ന മൊത്തം മുതലിൻെറ 5.9% മാത്രമേ വിദ്യാർത്ഥികളുടെ ഫീസിലൂടെ തിരിച്ചു പിടിക്കുന്നുള്ളൂ. ഇത് തീർച്ചയായും വർദ്ധിപ്പിക്കാൻ കഴിയും, കഴിയണം. സർവകലാശാലാ തലത്തിലുള്ള മറ്റ് ബിരുദബിരുദാനന്തര കോഴ്സുകൾക്കും സ്ഥിതി വ്യത്യസ്തമല്ല.
4. വാർഷിക വരുമാനം 42000 രൂപയ്ക്കു കീഴിൽ വരുന്ന എല്ലാ വിഭാഗങ്ങൾക്കും ഫീസ് സൗജന്യം ഇപ്പോൾതന്നെ ഉണ്ട്. ഇത് തുടരണം.

5. വാർഷിക വരുമാനം 1,20,000 രൂപയ്ക്കു മേൽ ഉള്ള കുടുംബങ്ങളിലെ കുട്ടികൾ, അവരുടെ പഠനത്തിനുള്ള ആവർത്തനച്ചെലവ് പൂർണമായും വഹിക്കത്തക്കവണ്ണമുള്ള ഫീസ് കൊടുക്കണം. എഞ്ചിനീയറിങ്ങിന് ഇത് പ്രതിവർഷം 12500 രൂപ ആകും എന്നാണ് കണക്ക്.

6. വാർഷിക വരുമാനം ഇതിനു രണ്ടിനും ഇടയ്ക്കു വരുന്ന ഇടത്തരക്കാർക്ക് വളരെ ലളിതമായ നടപടിക്രമങ്ങളോടുകൂടി ലോൺ സ്കോളർഷിപ്പ് ലഭ്യമാക്കണം.

7. പാസ്സായി ജോലി കിട്ടിക്കഴിയുമ്പോൾ ഈ വായ്പ പലിശയില്ലാതെ തിരിച്ചു പിടിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

8. ഇന്ത്യക്കു പുറത്തുപോകുന്നവർ ഈ തുക ഒന്നായി തിരിച്ചടയ്ക്കാനുള്ള വ്യവസ്ഥ വേണം.

9. NRI കുട്ടികൾക്ക് പ്രത്യേക പരിഗണനയോ കൂടുതൽ ഫീസോ പാടില്ല. പ്രവേശന പരീക്ഷയിലെ റാങ്ക് അനുസരിച്ചു മാത്രമേ അവർക്കും പ്രവേശനം നൽകാവൂ. പക്ഷേ ഇൻഡ്യക്കു പുറത്തു പഠിച്ചു വരുന്നവർക്കായി ഒരു ക്വാട്ട (<10%) വയ്ക്കാം (അതിൽ വിദേശികളും പെടാം.) അവർക്ക് പ്രത്യേകം ഫീസും നിശ്ചയിക്കാം. അവരുടെയും പ്രവേശനം സർക്കാർ നിയോഗിക്കുന്ന അധികാരിയായിരിക്കണം നടത്തുന്നത്.

10. ഈ പുതിയ ഫീസുകൊണ്ട് പുതിയ കോളേജുകൾ തുടങ്ങുന്നതിനു പകരം ഉള്ള കോളേജുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അവിടെ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും ആയിരിക്കണം മുൻഗണന നൽകേണ്ടത്.

11. പുതിയ സ്ഥാപനങ്ങൾ തുടങ്ങേണ്ടത് സമൂഹത്തിൻെറ ആവശ്യമാണെന്ന് കണ്ടാൽ അതിനുള്ള വക പൊതു ബജറ്റിൽ നിന്നുതന്നെ കണ്ടെത്തണം. അതിനുവേണ്ട വിഭവ സമാഹരണത്തിനായി വർദ്ധിപ്പിച്ച ഫീസിനു പുറമെ, എഡ്യൂക്കേഷണൽ സെസ്സ് എന്ന രീതിയും ആലോചിക്കാവുന്നതാണ്. ബിരുദധാരികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന തൊഴിൽദായകരിൽ നിന്നും, തൊഴിൽനികുതി, കെട്ടിട നികുതി മുതലായവ നൽകുന്ന ഉയർന്ന വരുമാനക്കാരിൽ നിന്നും സെസ്സ് ഈടാക്കാം.

12. വിദ്യാഭ്യാസ രംഗത്ത് സ്വന്തമായി പണം മുടക്കി സ്വകാര്യ ട്രസ്റ്റുകളോ ഏജൻസികളോ മുമ്പോട്ടു വരുന്നതിനോട് തത്വത്തിൽ എതിർപ്പില്ലാ എങ്കിലും, കേരളത്തിൽ ഡയറക്ട് പേയ്മെൻറ് വ്യവസ്ഥയിലൂടെ ശമ്പളം മുഴുവൻ സർക്കാർ നൽകുന്ന എയ്ഡഡ് കോളേജുകളിലെ മാനേജ്മെൻറ് ക്വാട്ടാ സീറ്റു കച്ചവടം, സുപ്രീം കോടതിയുടെ വ്യക്തമായ വിധി ഉണ്ടായിട്ടുപോലും, അവസാനിപ്പിക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയില്ലാത്ത സാഹചര്യത്തിൽ, അത് അഭിലഷണീയമല്ലാ എന്നാണ് ഞങ്ങളുടെ സുചിന്തിതമായ നിലപാട്. മാത്രവുമല്ലാ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള പ്രവേശനം സർക്കാർ നടത്തുകയും നിശ്ചിത ഫീസുമാത്രം പിരിക്കുകയും ചെയ്യുന്ന വ്യവസ്ഥയിൽ "മുടക്കുമുതൽ" നേരായ മാർഗത്തിലൂടെ തിരിച്ചുപിടിക്കാൻ അവർക്ക് കഴിയില്ല. ഈ

സാഹചര്യത്തിൽ, പ്രൊഫഷണൽ കോളേജു തുടങ്ങാനായി സഹകരണ സംഘങ്ങളും ചാരിട്ടബിൾ സൊസൈറ്റികളും തട്ടിക്കൂട്ടുന്നവരുടെ ഉദ്ദേശ്യശുദ്ധി തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. പ്ലസ്ടുവിലെ അധ്യാപക തസ്തികകൾ കച്ചവടം ചെയ്യുന്ന പരമ്പരാഗത സമുദായിക ഏജൻസികൾ പ്രൊഫഷണൽ കോളേജു തുടങ്ങാൻ അവകാശവാദം ഉന്നയിക്കുന്നതിലെ താത്പര്യവും സുവ്യക്തമാണല്ലോ.

13. കേരളത്തിൽ ഇപ്പോൾ 4800 ഓളം എഞ്ചിനീയറിങ്ങ് സീറ്റുകൾ ഉണ്ട്. മേൽ പറഞ്ഞ വിധത്തിലുള്ള അധിക വിഭവ സമാഹരണത്തിലൂടെ അത് 6000 ആക്കി ഉയർത്താനാകും. ഇപ്പോഴത്തെ എൻട്രൻസ് പരീക്ഷയിൽ ഗണിതത്തിന് 10% ൽ കൂടുതൽ കിട്ടുന്നവർ 4000 വരില്ല എന്ന് ഓർക്കുമ്പോൾ ഇതുതന്നെ ധാരാളം! ഇനി കൂടുതലായി വേണ്ടത് മറ്റു വൊക്കേഷണൽ കോഴ്സുകളാണ്. അവയ്ക്കും ഇതേ രീതിയിൽ വിഭവസമാഹരണം നടത്താം.

14. പ്രവേശനം, യോഗ്യതയും സംവരണവും നോക്കി മാത്രം, ആവർത്തനച്ചെലവിനു തികയുന്നത്രവിധം ഉയർന്ന ഫീസ്. നിർധനർക്ക് സമ്പൂർണ ഫീസു സൗജന്യം. ഇടത്തരക്കാർക്ക് വിദ്യാഭ്യാസ വായ്പ അനായാസം ലഭ്യമാക്കാനുള്ള സംവിധാനം. ഇതായിരിക്കണം പൊതു സമീപനം.

15. വിദ്യാഭ്യാസ വായ്പ യഥേഷ്ടം ലഭ്യമാക്കാനായി ഒരു "വിദ്യാഭ്യാസനിധി" രൂപീകരിക്കണം. ഇതിൽ സഹകരണ സ്ഥാപനങ്ങൾക്കും വാണിജ്യ ബാങ്കുകൾക്കും പങ്കുചേരാം. അവരുടെ വായ്പയ്ക്ക് സർക്കാർ പലിശയും ഗ്യാരണ്ടിയും നൽകണം. വായ്പ തിരിച്ചു പിടിക്കുന്നതിനായി കാര്യക്ഷമമായ ഒരു സംവിധാനം ഉണ്ടാക്കണം.

16. കേരളത്തിൽ ഏതേതു മേഖലകളിലാണ് പുതിയ വിദ്യാഭ്യാസ അവസരങ്ങൾ ഉണ്ടാക്കേണ്ടത് എന്നു കണ്ടെത്തുന്നതിനായി വിശദമായ ഒരു മനുഷ്യവിഭവ പഠനം നടത്തണം. അതിൻെറ അടിസ്ഥാനത്തിലായിരിക്കണം പുതിയ സ്ഥാപനങ്ങളും കോഴ്സുകളും തുടങ്ങേണ്ടത്.

### ചെലവു ചുരുക്കലും പ്രയോജനക്ഷമത വർദ്ധിപ്പിക്കലും

ഉന്നത വിദ്യാഭ്യാസരംഗത്തിൻെറ സാമ്പത്തികം ചർച്ച ചെയ്യുമ്പോൾ ഒഴിവാക്കാനാവാത്ത ഘടകങ്ങളാണ് ചെലവു ചുരുക്കലും ധനവിനിയോഗ ക്ഷമത വർദ്ധിപ്പിക്കലും. സർവകലാശാലാ സാമ്പത്തികത്തെപ്പറ്റി പഠിച്ച വരെല്ലാം ചൂണ്ടിക്കാണിക്കുന്നത് അവിടത്തെ അനധ്യാപക ബാഹുല്യമാണ്. 1993-94 വർഷത്തിൽ കേരള സർവകലാശാലയിൽ 243 അധ്യാപകരും 2250 അനധ്യാപക ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. കോഴിക്കോട് 1980-81ൽ 140 അദ്ധ്യാപകരും 809 അനധ്യാപകരും എന്നത് 1994ൽ യഥാക്രമം 174ഉം 1808ഉം ആയി മാറി. എം.ജി. സർവകലാശാലയിൽ 88 അധ്യാപകരും 1436 അനധ്യാപകരുമാണ് 1993-94ൽ ഉണ്ടായിരുന്നത്. സർവകലാശാല വിദ്യാർത്ഥികളുടെ 60% വരുന്ന പ്രീഡിഗ്രിക്കാരുടെ പരീക്ഷാസംബന്ധിയായ ജോലികൾക്കാണ് ഇത്രയേറെ സ്റ്റാഫ് വേണ്ടിവരുന്നത് എന്നാണ്

ഔദ്യോഗിക വിശദീകരണം. പ്രീഡിഗ്രി വേർപെടുത്തലോടെ ഇത് അപ്രസക്തമാകേണ്ടതാണ്. പക്ഷേ അങ്ങനെയുണ്ടാകുമോ? അതോ അതിനായി വേറെ സംവിധാനം ഉണ്ടാകുകയും സർവകലാശാലയിൽ ഈ ഭാരം തുടരുകയും ചെയ്യുമോ?

വളരെയേറെ നിശ്ചയ ദാർഢ്യവും ഭാവനയും ആവശ്യമാണ് ഈ പ്രശ്നം തരണം ചെയ്യാൻ. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് ധാരണയിലെത്തി ഇപ്പോൾ സർവീസിലുള്ളവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനായി ചില വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ടെങ്കിലും ഭാവിയിൽ ഈ ഭാരം ലഘൂകരിക്കാൻവേണ്ട നടപടികൾ എടുത്തേ തീരൂ.

അനാവശ്യമായ നടപടിക്രമങ്ങൾ ഒഴിവാക്കിയും, കഴിയുന്നത്ര അക്കാദമിക-ഔദ്യോഗിക നടപടികൾ വികേന്ദ്രീകരിച്ചും, അർഹരായ സ്ഥാപനങ്ങൾക്ക് അക്കാദമിക-ഭരണപര സ്വയംഭരണം അനുവദിച്ചുകൊണ്ടു മാത്രമേ ഭരണച്ചെലവ് കുറയ്ക്കാൻ കഴിയൂ. ഓരോ ചെറിയ കാര്യത്തിനും യൂണിവേഴ്സിറ്റിയുടെ അംഗീകാരം തേടുക എന്നതിനു പകരം, പരമാവധി സ്വയംഭരണം അനുവദിച്ചുകൊണ്ട് അവ ദുർവിനിയോഗം ചെയ്യുന്നതിനെതിരെ കർശനമായ നടപടികൾ എടുക്കുക എന്നതാണ് പ്രായോഗികമായ സമീപനം. ഒറ്റപ്പെട്ട ദുർവിനിയോഗം നടക്കാൻ സാധ്യതയുള്ളതുകൊണ്ട് എല്ലാവരെയും കൂച്ചുവിലങ്ങിടുക എന്നത് കാലാഹരണപ്പെട്ട മാനേജ്മെൻറ് രീതിയാണ്. ബ്യൂറോക്രസിയുടെ അമിതമായ വളർച്ചയാണ് അതിൻെറ ഫലം. മാത്രവുമല്ല, അക്കാദമികമായ അപാരമ്പരിക പരീക്ഷണങ്ങളെയും വിവേചനം ഉപയോഗിച്ചു ചെയ്യേണ്ട നൂതന സംരംഭങ്ങളെയും അവ നിരുത്സാഹപ്പെടുത്തുകയും ചെയ്യും.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

പ്രൊഫഷണൽ കോളേജുകളോ ഡിഗ്രികോളേജുകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭരണ പരിധിയിൽ വരില്ലയെങ്കിലും, പ്ലസ്ടൂ തലത്തിലുള്ള തൊഴിൽ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും അവയ്ക്കിടപെടാവുന്ന മേഖലകളാണ്. പുതിയ എഞ്ചിനീയറിങ്ങ് കോളേജുകൾ ആരംഭിക്കുന്നതിനു പകരം ജില്ലാ-ബ്ലോക്കു പഞ്ചായത്തുകൾക്കു ചെയ്യാവുന്നതും ചെയ്യേണ്ടതും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ മെച്ചപ്പെടുത്തുന്നതിനു ശ്രമിക്കുക എന്നതാണ്. അതിനായി പദ്ധതി വിഹിതം നൽകുക എന്നതിനേക്കാൾ ഉപരിയായി, നാട്ടുകാരുടേയും തദ്ദേശ തൊഴിൽ സ്ഥാപനങ്ങളുടെയും സഹകരണം ഉറപ്പാക്കുകയാണ് അവർ ചെയ്യേണ്ടത്. അതിലൂടെ തൊഴിൽ പരിശീലനത്തിൻെറ പ്രയോഗക്ഷമത ഉയർത്തുന്നതിനും ക്രമേണ വിഭവസമാഹരണം മെച്ചപ്പെടുത്തുന്നതിനും സാധിക്കും. പ്രായോഗിക തൊഴിൽ രംഗവുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം കൊണ്ടു മാത്രമേ വിദ്യാർത്ഥികളുടെ കഴിവ് ഉയർത്താൻ കഴിയൂ. ഇക്കാര്യത്തിൽ തദ്ദേശീയ സ്ഥാപനങ്ങളുടെ സഹകരണം ഉണ്ടെങ്കിൽ സാമ്പത്തികത്തിൻെറ കാര്യത്തിലും ആശ്വാസം ഉണ്ടാകും.

തങ്ങളുടെ അധികാര പരിധിക്കുള്ളിൽ വരുന്ന ഹയർസെക്കണ്ടറി, വൊക്കേഷണൽ വിദ്യാലയങ്ങളെ ഈ തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങൾ ദത്തെടുക്കുകയും അവയുടെ വികസനം നാട്ടുകാരുടെ ആവശ്യവും മുൻഗണനയുമായി മാറ്റുകയും ചെയ്താൽ അതും സാമ്പത്തിക വിഭവ സമാഹരണത്തെ സഹായിക്കും. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയെ ഇതിനുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതാണ്.

ബദലുകൾ

സാമ്പത്തിക രംഗത്തെ പ്രതിസന്ധിക്കു പരിഹാരമായി സമ്പൂർണ്ണ സ്വകാര്യവത്കരണം ഉപദേശിക്കുന്നവർ പലപ്പോഴും ആവർത്തിക്കുന്ന മന്ത്രമാണ് "മറ്റുവഴിയില്ലാ" (TINA - There is no Alternative) എന്നത്. ഈ വാദത്തെ പൊളിക്കണമെങ്കിൽ ജനകീയമായ ബദൽ ചൂണ്ടിക്കാണിച്ച് അത് പ്രാവർത്തികമാണ് എന്നു സമർത്ഥിക്കുകയാണു വേണ്ടത്. പരമ്പരാഗതമായ ചില ശീലങ്ങളും ആനുകൂല്യങ്ങളും (കണക്കിൽ കവിഞ്ഞ ഉദ്യോഗസ്ഥ ബാഹുല്യം, അവർക്ക് ആരോടും ഉത്തരം പറയേണ്ടതില്ലാത്ത അവസ്ഥ, ഉന്നത വിദ്യാഭ്യാസ രംഗത്ത് ധനശേഷിയുള്ളവർ പോലും നാമമാത്രമായ ഫീസുകൊടുക്കേണ്ട അവസ്ഥ) ഇതെല്ലാം മാറാതെ നിൽക്കണമെന്നും, സർവ ചെലവുകളും സർക്കാർ എങ്ങനെയെങ്കിലും നടത്തിക്കോളണമെന്നും വാശിപിടിക്കുന്നത്, ഒടുവിൽ സകലതിനേയും തകർക്കുന്ന മലവെള്ളപ്പാച്ചിലിലേ അവസാനിക്കൂ. "ന്യായമായ മാറ്റങ്ങളെ ചെറുക്കുന്നവർ അന്യായമായ മാറ്റങ്ങൾ അനിവാര്യമാക്കുന്നു" എന്ന പറച്ചൽ പതിരല്ല.

കാലാനുസൃതമായ മാറ്റങ്ങൾക്കു നാം തയ്യാറായേ പറ്റൂ. പക്ഷേ മാറ്റങ്ങളുടെ പേരിൽ, അടിസ്ഥാന തത്വങ്ങളായ സാമൂഹിക നീതിയും, അവസര സമത്വവും, അക്കാദമിക മൂല്യങ്ങളും തകർക്കാൻ അനുവദിച്ചുകൂടാ. അതുകൊണ്ടാണ് ഈ കാഴ്ചപ്പാടുകളിൽ നിന്നുകൊണ്ടുള്ള ബദൽ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ നാം ബാദ്ധ്യസ്ഥരാകുന്നത്.

ഈ ലഘുലേഖയിൽ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഈ പശ്ചാത്തലത്തിൽ ചർച്ചചെയ്ത്, വേണ്ട മാറ്റങ്ങൾ വരുത്തി, അവ നടപ്പിലാക്കാൻ സർക്കാരിനെ നിർബന്ധിതമാക്കുകയാണ് ജനാധിപത്യപരമായ പോംവഴി എന്ന് ഞങ്ങൾ കരുതുന്നു.

O

ഉന്നത വിദ്യാഭ്യാസത്തിൻെറ സാമ്പത്തികം - സ്വാശ്രയ സ്ഥാപനങ്ങൾ അനിവാര്യമോ? ● പ്രസാധനം, വിതരണം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കൊച്ചി-24 ● ലിപിവിന്യാസം: മാക്‌വെൽ ഗ്രാഫിക്സ്, എറണാകുളം. ● അച്ചടി: കേരള ടൈംസ്, എറണാകുളം ● വില 4 രൂപ

KSSP 0915 1E Dy 1/8 APR '99 15K 0400 LL10/99